**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1899** **29-07-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. സുമോദ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്ന ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശേരി വില്ലേജിൽ 34.05 ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു വിവിധോദ്ദേശ പാർക്കാണ്. |
| (ബി) | ലൈറ്റ് എൻജിനീയറിംഗ് വ്യവസായങ്ങൾക്ക് പുറമേ മറ്റേതെല്ലാം വ്യവസായങ്ങളും അനുബന്ധ സ്ഥാപനങ്ങളുമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്കു പുറമെ മറ്റു ജനറൽ വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്കും പാർക്കിൽ സ്ഥലം അനുവദിക്കുന്നുണ്ട്. |
| (സി) | പാർക്കിലെ അടിസ്ഥാന സൗകര്യവും അനുബന്ധ സ്ഥാപനങ്ങളുടെ നിർമ്മാണവും ഏതു ഘട്ടം വരെയായിട്ടുണ്ട് എന്ന് അറിയിക്കുമോ; | (സി) | പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശേരി വില്ലേജിൽ 34.05 ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു വിവിധോദ്ദേശ പാർക്കാണ്. പാലക്കാട് - കോയമ്പത്തൂർ നാഷണൽ ഹൈവേയിലെ കനാൽപിരിവിൽ നിന്നും ഏകദേശം 500 മീറ്ററിനുള്ളിൽ ആയിട്ടാണ് പ്രസ്തുത പാർക്ക് സ്ഥിതി ചെയ്യുന്നത്. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്, സെക്യൂരിറ്റി മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ഈ പാർക്കിൽ 15 ഓളം യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. KSEB യുടെ 22 കെവി ഡെഡിക്കേറ്റഡ് പവർ ലൈനും ഇവിടെ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ 56,000 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 9 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പുതുതായി പ്രവർത്തന സജ്ജമാക്കുന്ന രണ്ടാമത്തെ SDF ന് 61,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ആണ് ഉള്ളത്. 2000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 24 മൊഡ്യൂൾ ആയി തിരിച്ചിട്ടുള്ള മൂന്ന് നിലകളിലായി സ്ഥിതി ചെയ്യുന്ന പ്രസ്തുത SDF ബിൽഡിങ്ങിൽ മെറ്റീരിയൽ ലിഫ്റ്റ് , പാസ്സഞ്ചർ ലിഫ്റ്റ്, ഡോക് ലെവലർ, 12 ലോറികൾക്ക് ഒരേസമയം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 50 ആളുകൾക്ക് ഒരേസമയം ഭക്ഷണം കഴിക്കാനാവുന്ന കാന്റീൻ, കൂടാതെ ബാങ്ക് കൗണ്ടർ, എടിഎം എന്നിവയും നിർമ്മിക്കുന്നു. പ്രകൃതി വാതക പൈപ്പ് ലൈനിന്റെ കൺട്രോൾ സ്റ്റേഷൻ, സിറ്റി ഗേറ്റ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി GAIL-നും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഏജൻസി ആയ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനും ഈ പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് പ്രകൃതിവാതകം സുഗമമായി ലഭ്യമാകുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | പാർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ